**നം. ജെ1/80153/2012**

പോലീസ് ആസ്ഥാനം, കേരളം,

തിരുവനന്തപുരം

തീയതി: 29/08/2012

## സർക്കുലർ നമ്പർ 25/2012

വിഷയം : കേരളാ പോലീസ് വകുപ്പ് - സേവനത്തിൽ നിന്നും വിരമിച്ച പോലീസ് സേനാംഗങ്ങൾക്ക് 'തിരിച്ചറിയൽ സർട്ടിഫിക്കറ്റ്' നൽകുന്നത് സംബന്ധിച്ച്.

സൂചന : 30/07/2002 ലെ പി.എച്ച്.ക്യൂ. സർക്കുലർ നമ്പർ 08/2002.

പോലീസ് ഉദ്യോഗസ്ഥർ സേവനത്തിൽ നിന്നും വിരമിച്ചശേഷം അവർക്ക് കൈവശം സൂക്ഷിക്കുന്നതിനായുള്ള 'തിരിച്ചറിയൽ സർട്ടിഫിക്കറ്റ്' സൂചനയിൽ പറയുന്ന സർക്കുലർ പ്രകാരം പോലീസ് ആസ്ഥാനത്തുനിന്നും നൽകിവരുന്നു.

ഇതിലേയ്ക്കായി സേവനത്തിൽ നിന്നും വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ, നിശ്ചിത അപേക്ഷാ ഫോറം ആവശ്യമായ രേഖകൾ സഹിതം അവർ അവസാനം ജോലിചെയ്ത യൂണിറ്റ് മേധാവിയുടെ ശുപാർശ സഹിതമാണ് പോലീസ് ആസ്ഥാനത്തേക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്.

മേൽപ്പറഞ്ഞ നിബന്ധന, വിരമിച്ച പോലീസ് ഉദ്യോഗസ്ഥൻമാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ആയതിനൊരു പരിഹാരം എന്നുള്ള നിലയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ സ്ഥിരമായി താമസിക്കുന്ന ജില്ലയിലെ യൂണിറ്റ് മേധാവിക്കും തിരിച്ചറിയൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ മതിയായ അന്വേഷണത്തിനു ശേഷം ഇനി മുതൽ ശുപാർശ ചെയ്യാവുന്നതാണ്.

ഇക്കാര്യം ജില്ലകളിലെ എല്ലാ വിരമിച്ച പോലീസ് ഉദ്യോഗസ്ഥൻമാർക്കും അറിയത്തക്കവണ്ണം പരസ്യപ്പെടുത്തേണ്ടതാണ്.

**സംസ്ഥാന പോലീസ് മേധാവി**

പകർപ്പ് : എല്ലാ യൂണിറ്റ് മേധാവികൾക്കും